പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 360 12.06.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ജി. എസ്. ജയലാൽ :<br>ശ്രീ. കെ. രാജു :<br>ശ്രീമതി. ഇ. എസ്. ബിജി മോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര നിലയങ്ങളിൽ നിന്നടക്കം വൈദ്യുതി വാങ്ങിയ ഇനത്തിൽ എന്തു തുക വൈദ്യുത ബോർഡിനു കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ഈ ഇനത്തിൽ കുടിശ്ശികയൊന്നും കൊടുത്തു തീർക്കാനില്ല. |
| (ബി) സാമ്പത്തിക പ്രതിസന്ധി മൂലം വികസന പ്രവർത്തനങ്ങളും അറ്റകുറ്റ പണികളും നിറുത്തി വയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ; ഇതോടനുബന്ധിച്ച് മറ്റേതെല്ലാം പ്രവർത്തനങ്ങൾക്ക് ധന വിഭാഗം വിലക്കേർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) വൈദ്യുതി വാങ്ങുന്ന വിലയിലും മറ്റു ചെലവുകളിലും കാലാകാലങ്ങളായുണ്ടായ വർദ്ധനവിനനുസൃതമായി വൈദ്യുതി താരിഫ് വർദ്ധിപ്പിക്കാത്തതിനാൽ വൈദ്യുതി ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. എന്നാൽ ഇതുമൂലം ബോർഡിന്റെ വികസന പ്രവർത്തനങ്ങൾക്കോ അറ്റകുറ്റപ്പണികൾക്കോ സാമ്പത്തിക വിഭാഗം വിലക്കൊന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (സി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ? | (സി) വൈദ്യുതി താരിഫ് വർദ്ധിപ്പിക്കുവാനുള്ള പെറ്റീഷൻ ബോർഡ് റഗുലേറ്ററി കമ്മീഷനു മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.